## 5. പ്രവർത്തന യൂണിറ്റുകൾ.

മൃഗസംരക്ഷണ യൂണിറ്റ്, കുരുമുളക് പ്രചരണ യൂണിറ്റ്, മണ്ണിര കമ്പോസ്റ്റിംഗ് യൂണിറ്റ്, ആസോള യൂണിറ്റ്, അലങ്കാര ഔഷധ സസ്യങ്ങളുടെ യൂണിറ്റ് കൂൺ ഉത്പാദന യൂണിറ്റ്, റൂറൽ ക്രാഫ്റ്റ് യൂണിറ്റ് എന്നിങ്ങനെ വിവിധ യൂണിറ്റുകൾ കൃഷി വിഞ്ജാനകേന്ദ്രത്തിൽ പ്രവർത്തിക്കുന്നു.

## 6 ഉത്പാദന യൂണിറ്റുകൾ

### a) കൂൺ വിത്ത് ഉത്പാദന യൂണിറ്റ്

ഇവിടെ കൂണിനങ്ങളായ പ്ലൂറോട്ടസ് ഫ്ലോറിഡയുടെയും, ഹൈപ്സിഗസ് ആൾമാരിയസ് മാർ ജീയ എന്നിവയുടെ വിത്തുകളാണ് ഉത്പാദിപ്പിക്കുന്നത്. പ്രതിമാസം കെ.വി.കെയിൽ ശരാശരി ആയിരത്തോളം കൂൺവിത്ത് പായ്ക്കറ്റുകൾ ഉത്പാദിപ്പിക്കുന്നു. ഇടുക്കി ജില്ലയിലെ കൂൺ കൃഷിയുടെ ചെറിയ തോതിലുള്ള ആവശ്യങ്ങളെങ്കിലും ഈ സ്ഥാപനം വഴി നിറവേറ്റപ്പെടുന്നു. കർഷകരുടെ ആവശ്യപ്രകാരം മാസം തോറും കൂൺ വിത്ത് ഉത്പാദന പരിശീലനവും ഇവിടെ നടക്കുന്നുണ്ട്.

### b) പച്ചക്കറിവിത്ത് ഉത്പാദനം.

ജൈവ രീതിയിൽ കൃഷി ചെയ്തെടുത്ത പലതരം പച്ചക്കറികളുടെ വിത്തുകൾ കൃഷി വിജ്ഞാന കേന്ദ്രത്തിലെ വില്പന ഔട്ട്ലെറ്റ് വഴി തുച്ഛമായ വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്ത് വരുന്നു. പ്രോട്രേയിൽ പ്രത്യേകമായി മുളപ്പിച്ചെടുത്ത ശീതകാല പച്ചക്കറികളുടെ തൈകളും കെ.വി.കെയിൽ ലഭ്യമാണ്.

### c) പഴം പച്ചക്കറി നഴ്സറി

ഗുണ നിലവാരത്തിലുള്ള അലങ്കാര സസ്യങ്ങളും ഫല വൃക്ഷങ്ങളും ഗ്രാഫ്റ്റിംഗ്,ബഡ്ഡിംഗ്, ലെയറിംഗ് ചെയ്ത തൈകൾ, മുതലായവ കർഷകരിലേക്ക് എത്തിക്കാൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു ഹോർട്ടി കൾച്ചറൽ നഴ്സറി ഉണ്ട്. തദ്ദേശവും വിദേശിയവുമായ പല ഇനം ചെമ്പരത്തിക്കളുടെ ഒരു വലിയ ശേഖരം ഈ നഴ്സറിയിലുണ്ട്.

### d) റൂറൽ ക്രാഫ്റ്റ് യൂണിറ്റ്

കൃഷിയിടങ്ങളിൽ പാഴായി പോകുന്ന പാള, ഏലത്തണ്ട്, പനയോല, തെങ്ങിൻ പൂകുല, ഉണങ്ങിയ കൊമ്പ്, ഇലകൾ, പുല്ലുകൾ, ചിരട്ടകൾ എന്നിവ ഉപയോഗിച്ച് അലങ്കാര കൗതുക വസ്തുക്കൾ, ബൊക്കെകൾ മുതലായവ റൂറൽ ക്രാഫ്റ്റ് യൂണിറ്റ ഉത്പാദിപ്പിക്കുന്നു. കൂടാതെ പേപ്പർ ഉപയോഗിച്ചിട്ടുള്ള ആഭരണങ്ങളും ബൊക്കേകൾ, മറ്റു ഇതര വസ്തുകളും ഇവിടെ നിർമ്മിച്ച ' വില്പനക്കായി ലഭ്യമാണ്. ഇവയുടെ നിർമ്മാണത്തിനുള്ള പരിശീലന പരിപാടികളും കർഷകരുടെ ആവശ്യപ്രകാരം നടത്തിവരുന്നു

### e) ഹോംസയൻസ് യൂണിറ്റ്

ജാം, ജെല്ലികൾ, സ്ക്വാഷ്, അച്ചാർ, വൈൻ, എന്നി പരമ്പരഗത സംസ്കരണ രീതികൾക്ക് പുറമേ, പ്രദേശത്ത് ആരും ഉപയോഗിക്കാത്ത ഔഷധ മുല്യങ്ങളുള്ള പഴങ്ങളുടെയും പച്ചക്കറികളുടെയും ശാസ്ത്രീയമായ സംസ്കരണം ചെയ്യുന്ന ഒരു മൂല്യവർദ്ധന യൂണിറ്റ് കെ.വി.കെ യിൽ പ്രവർത്തിക്കുന്നു. മൂപ്പെത്താത്ത ഏലക്ക ആച്ചാർ, ഉണ്ട മുളക് അച്ചാർ, തുളസി സത്ത്, എന്നിവയുടെ ഉത്പാദനവും വിപണനവും ഈ സ്ഥാപനം വഴി നടന്നു വരുന്നു. ഇവിടെ ഉത്പാദിപ്പിക്കുന്ന വെള്ളകുരുമുളക് ഉത്പാദനത്തിന്റെ ഗുണ നിലവാരവും ആകർഷണീയതയും ഏതൊരു ഉപഭോക്താവിനും പ്രിയപ്പെട്ടതാണ്.


**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**

ഡോക്ടർ. ആർ മാരിമുത്തു
സീനിയർ സയന്റിസ്റ്റ് ആൻഡ് ഹെഡ്
കെ.വി.കെ (ബി.എൻ.എസ്) ഇടുക്കി
ഫോൺ 8157895397





# ഐ.സി.എ.ആർ കൃഷി വിഞ്ജാന കേന്ദ്രം (ബി എസ്.എസ്.) ഇടുക്കി


**ICAR-Krishi Vigyan Kendra**

**Hosted By: Bapooji Sevak Samaj**
Farm Science Centre, ICAR Govt. of India
Idukki Dist
Pethotty. P.O, Santhanpara, Idukki, Keralala, Pin: 685619
Phone: (04868) 247541, 247715
Email: kvksanthanpara@gmail.com
Website: www.kvkidukki.org

# ഐ.സി.എ.ആർ–കൃഷി വിജ്ഞാന കേന്ദ്രം (ബി എസ്.എസ്.) ഇടുക്കി

സർക്കാരിതര സംഘടനയായ (എൻ.ജി.ഒ) ബാപുജി സേവക് സമാജ് (ബി.എസ്.എസ്) ആരംഭിച്ചത് 1971 ൽ ഇടുക്കി ജില്ലയിലെ ചക്കുപള്ളം എന്ന സ്ഥലത്തു നിന്ന് ആണ്. തിരുവിതാംകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിസ് രജിസ്ട്രേഷൻ ആക്ട് XII നമ്പർ കെ-333/76, 1955 പ്രകാരം രജിസ്റ്റർ ചെയ്തു. സമാജത്തിന്റെ കീഴിൽ 1995 ൽ ഇടുക്കി ജില്ലയിലെ കാർഷികരുടെ ഉന്നമനത്തിനും, കാർഷിക മറ്റു അനുബന്ധ വിഭാഗങ്ങളുടെ ശാസ്ത്രീയ സാങ്കേതിക വിദ്യ കൈമാറ്റത്തിനുമായി ശാന്തൻപാറ അടിസ്ഥാനമാക്കി കൃഷി വിജ്ഞാന കേന്ദ്രം അഥവ ഫാം സൈൻസ് സെന്റർ ആരംഭിച്ചു. ദർശനാത്മക സ്ഥാപന ചെയർമാൻ **ശ്രീ. കുട്ടിച്ചൻ കക്കാട്** സമൂഹത്തിന്റെ സമഗ്രമായ ഉന്നമനത്തിനായി ശ്രദ്ധ കേന്ദ്രീകരിച്ചു. 1994 ൽ ഇന്റർനാഷണൽ പബ്ലികേഷൻസിന്റെ മികച്ച പൗരനുള്ള പുരസ്കാരത്തിന് അർഹനായി. 1997 ൽ ഇന്റർനാഷനൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റിയുടെ വിജയ ശ്രീ പുരസ്കാരം, 1997-ൽ മികച്ച സോഷ്യൽ വർക്കർ പുരസ്കാരം, 2000-ത്തിൽ മില്ലേനിയ അച്ചിവേഴ്സ് പുരസ്കാരം എന്നിവ കരസ്ഥമാക്കി.

## സംഘടനയുടെ രൂപരേഖ

ചെയർമാനാണ് എൽ.ജി.ഒ യുടെ നേതൃത്വം വഹിക്കുന്നത് അതു കൂടാതെ വൈസ് ചെയർമാൻ, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, രണ്ട് എക്സിക്യൂട്ടിവ് അംഗങ്ങൾ എന്നിവരുടെ പിന്തുണയുണ്ട്. നിലവിൽ കോട്ടയം ജില്ലയിലെ **ശ്രീമതി. റീന ചാക്കോ**യാണ് ബി.എസ്.എസ് സിന്റെ ചെയർ പേർസൺ സ്ഥാനം വഹിക്കുന്നത്. എല്ലാ മാസവും സംഘടനയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഭാവിയിലെ പ്രവർത്തന ഗതി നന്നായി മനസ്സിലാക്കുന്നതിനും എക്സിക്യൂട്ടിവ് മീറ്റിംഗുകൾ സംഘടിപ്പിക്കാറുണ്ട്.

## സ്ഥാപന സ്ഥാനമേഖല

കേരളത്തിലെ ഏറ്റവും വലുതായ ജില്ലകളിൽ ഒന്നാണ് ഇടുക്കി. 5087 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലുള്ള ഇടുക്കി ജില്ല കേരളത്തിന്റെ മൊത്തം വിസ്തൃതിയുടെ പതിമൂന്ന് ശതമാനം ആണ്. പരുക്കൻ പർവ്വതങ്ങളും ഇടതൂർന്ന വനങ്ങളും ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 97 ശതമാനം വരും. സമുദ്ര നിരപ്പിനേക്കൾ 2000 മീറ്റർ ഉയരത്തിൽ 14 പർവ്വത ശിഖരങ്ങളും ജില്ലയിലുണ്ട്. പ്രതിവർഷം ആയിര കണക്കിന് വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഈ ജില്ല കേരളത്തിന്റെ സുഗന്ധവ്യഞ്ജന കലവറ എന്നാണ് അറിയപ്പെടുന്നത്. റോഡ് മാർഗ്ഗത്തിലൂടെ മാത്രം പ്രവേശിക്കാൻ കഴിയുന്ന ഈ ജില്ലയിലൂടെ എൻ.എച്ച്-49, സംസ്ഥാന പാത 13 എന്നിവ കടന്നുപോകുന്നു. കുമിളി-മൂന്നാർ സ്റ്റേറ്റ് ഹൈവേയിലെ ശാന്തൻപാറയുടെ മനോഹാരിതയിലാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്.

## പ്രധാന പ്രവർത്തനങ്ങൾ

വർഷങ്ങളായി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഈ പറയുന്ന പ്രധാന മേഖലകളെ അടിസ്ഥാനമാക്കിയാണ്. ജില്ലയിലെ കാർഷിക വിളകളുടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തുവാൻ, കൃഷിയിലെ യന്ത്രവത്കരണം, ശാസ്ത്രീയമായ കൃഷിരീതികൾ, നൂതന സാങ്കേതിക വിദ്യകളുടെ പരിശീലന പരിപാടികൾ, ഉയർന്ന ഉത്പാദനശേഷിയുള്ള വിള ഇനങ്ങളെ പരിചയപെടുത്തുക, മണ്ണ് പരിശോധന, ജൈവ ഉത്പാദനങ്ങളുടെയും , മിത്രകീടങ്ങളുടെയും ഉത്പാദന പരീശിലന പരിപാടികൾ, മൃഗസംരക്ഷണ വികസനം, ഗ്രാമീണ യുവതി യുവാക്കളുടെ തൊഴിൽ സ്ഥിരത ഉറപ്പാക്കൽ, പഴം പച്ചക്കറി സംസ്കരണം, എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ

## കെ.വി.കെയിൽ ലഭ്യമായ സൗകര്യങ്ങൾ

### 1. മണ്ണ് പരിശോധന ലബോറട്ടറി

മണ്ണിനെ മനസ്സിലാക്കുന്നതിനുള്ള കാര്യക്ഷമമായ ഉപകരണമാണ് മണ്ണ് പരിശോധന. സംയോജിത പോഷകപരിപാലന അടിസ്ഥാനത്തിൽ, ഇടുക്കി ജില്ലയിലെ കാർഷിക സമൂഹത്തിന്റെ പ്രയോജനത്തിനായി 2005 മുതൽ ബാപുജി കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു സജ്ജീകരിച്ച മണ്ണ് പരിശോധന ലബോറട്ടറി പ്രവർത്തിച്ചു വരുന്നു. മണ്ണിലെ അമ്ലത്വം, ജൈവാംശം, പ്രധാന-ഉപപ്രധാന സൂക്ഷ്മ പോഷക മൂലകങ്ങളുടെ തോത് എന്നിവ മണ്ണ് പരിപോഷക കാർഡ് വഴി കർഷകർക്ക് ലഭ്യമാക്കുന്നു. മണ്ണ് ശാസ്ത്ര വിഭാഗം വഴി മണ്ണിന്റെ ആരോഗ്യത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ സംയോജിത വളപ്രയോഗ രീതി എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ പരിശീലന പരിപാടികൾ കെ.വി.കെ യിൽ നടത്തിവരുന്നു. ഏലം, കുരുമുളക്, വാഴ, പച്ചക്കറി എന്നീ വിളകൾക്ക് വേണ്ട പ്രത്യേക വളക്കൂട്ടുകളും, മണ്ണിര, മണ്ണിര കമ്പോസ്റ്റ് വെർമ്മി വാഷ് എന്നിവയും കേന്ദ്രത്തൽ ലഭ്യമാണ്.

### 2. ജൈവ സൂക്ഷ്മാണുക്കൾ

ട്രൈക്കോഡർമ്മ വിരിഡെ, ട്രൈക്കോഡർമ്മ ഹാൻസിയാനം, സ്യൂഡോമോണസ് ഫ്ളൂറസെൻസ് തുടങ്ങിയ വിവിധ തരത്തിലുള്ള ജൈവ സൂക്ഷ്മാണുക്കൾ ഉത്പാദിപ്പിക്കുകയും, കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. ബാംഗ്ലൂരിലെ നാഷണൽ ബ്യൂറോ ഒഫ് അഗ്രികൾച്ചറൽ പ്രാണി വിഭാഗം എന്ന സ്ഥാപനത്തിന്റെ മാർഗ്ഗ നിർദ്ദേശത്തോടെ 2012 ൽ ഈ സ്ഥാപനത്തിന് ഒരു എന്റോമോ പാത്തോജനിക്ക് നെമറ്റോഡ് (ഇ.പി.എൻ) ഉത്പാദന യൂണിറ്റ് ലഭിച്ചിട്ടുണ്ട് ചെറിയ ഏലക്കായിലെ റൂട്ട് ഗ്രബ് നിയന്ത്രിക്കുന്നതിന് ഇ.പി.എൻ വളരെയധികം ഫലപ്രദമാണ്. കെ.വി.കെ ഇടുക്കിയിൽ 38 ഓളം ജൈവ ഉത്പന്നങ്ങൾ ഉണ്ടാക്കി ബയോ ഹബ് എന്ന ഔട്ട്ലറ്റ് വഴി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വിൽപന ചെയ്ത് വരുന്നു. കർഷകരുടെ ആവശ്യാനുസരണം കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, ജൈവകൃഷി മാർഗ്ഗങ്ങൾ, തേനീച്ച വളർത്തൽ എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ഇവിടെ പരിശീലന ക്ലാസ്സുകൾ മാസന്തോറും നടത്തിവരുന്നു.

### 3 കാർഷിക യന്ത്രോപകരണങ്ങളുടെ ലഭ്യതയും വിതരണവും.

സംസ്ഥാന പ്ലാനിംഗ് ബേർഡിന്റെ സാമ്പത്തിക സഹായത്തോടെ വാങ്ങിയ നിലമൊരുക്കൽ യന്ത്രം, നെല്ല് മെതി എന്നിവ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ്. ജില്ലയിലെ നെൽകൃഷിയുടെ യന്ത്രവത്കരണമാണ്. ഇത് വഴി ഈ സ്ഥാപനം ലക്ഷ്യമിടുന്നത്. മാത്രമല്ല കൃഷിസ്ഥലത്തെ പൊതുവായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കുരുമുളക് ത്രഷർ, വെള്ളകുരുമുളക് സംസ്കരണ യന്ത്രം, ഉദ്യാന ടില്ലർ ബ്രഷ് കട്ടറുകൾ എന്നിവയും ദൈനം ദിന വാടക അടിസ്ഥാനത്തിൽ കർഷകർക്ക് ലഭ്യമാണ്

### 4. ഇൻസ്ട്രക്ഷണൽ ഫാം.

ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വളങ്ങൾ മുതലായവ കർഷകർക്ക് നൽകുക, കർഷകർക്ക് പ്രയോജനപ്പെടുന്ന പുതിയ സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കുക. എന്നീ ലക്ഷ്യങ്ങളോടെ മൊത്തം 15.6 ഹെക്ടർ സ്ഥലത്താണ് ഇൻസ്ട്രക്ഷണൽ ഫാം പ്രവർത്തിക്കുന്നത്. ഫാമിൽ വിവിധ ഏലച്ചെടികൾ, കുരുമുളകിന്റെ വൈവിധ്യമാർന്ന തോട്ടം, ഫലവൃക്ഷങ്ങൾ, ബുഷ് പെപ്പർ, ഔഷധ സസ്യങ്ങൾ, അലങ്കാര പൂച്ചെടികൾ, മറ്റ് സുഗന്ധ വ്യഞ്ജന തോട്ടവിളകൾ, കാപ്പി എന്നിവയും ഉൾപ്പെടുന്നു.